# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4407 25.06.2019 -ൽ മറുപടിക്ക്

## റിസ്ക് ആന്റ് കോസ്റ്റ് ഉൾപ്പെടുത്തി ഒഴിവാക്കിയ കരാറുകാർ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ മതിയായ കാരണമില്ലാതെ കാലതാമസം വരുത്തുന്ന കരാറുകാരെ റിസ്ക് ആന്റ് കോസ്റ്റ് ഉൾപ്പെടുത്തി ടെർമിനേറ്റ് ചെയ്യാറുണ്ടോ; | (എ) | പൊതുമരാമത്ത് പ്രവൃത്തികൾ അകാരണമായി കാലതാമസം വരുത്തുന്ന കരാറുകാരെ റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യാറുണ്ട്. |
| (ബി) തിരുവനന്തപുരം ജില്ലയിൽ 2018-ൽ പ്രസ്തുത വ്യവസ്ഥ പ്രകാരം എത്ര കരാറുകാരെ ടെർമിനേറ്റ് ചെയ്തുവെന്ന് വ്യക്തമാക്കുമോ; | (ബി) | പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ 3 പേരേയും നിരത്ത് വിഭാഗത്തിൽ ഒരാളേയും റിസ്ക് & കോസ്റ്റിൽ ഉൾപ്പെടുത്തി ടെർമിനേറ്റ് ചെയ്തിട്ടുണ്ട്. |
| (സി) പ്രസ്തുത കരാറുകാരോ അവരുടെ അടുത്ത ബന്ധുക്കളോ പൊതുമരാമത്ത് വകുപ്പിന്റെ ടെൻഡറുകളിൽ വീണ്ടും പങ്കെടുക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | പൊതുമരാമത്ത് മാന്വൽ ക്ലോസ് നം.2116.2 പ്രകാരം ഒരു കരാറുകാരനെ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുന്ന പക്ഷം ടിയാന്റെ കോൺട്രാക്ട് ലൈസൻസ് റദ്ദാക്കുകയും കുറഞ്ഞത് അടുത്ത 5 വർഷത്തേക്ക് മറ്റ് ടെണ്ടറുകളിൽ പങ്കെടുക്കുന്നതിൽ നിന്ന് വിലക്കുകയും ചെയ്യും. അയാളുടെ പേരിലോ ബിനാമിയുടെ പേരിലോ ലൈസൻസ് പുതുക്കി നൽകാൻ പാടില്ലാത്തതുമാണ്. |

മത്സരാധിഷ്ഠിത ടെണ്ടറുകളിൽ ഇപ്പോൾ രജിസ്ട്രേഷൻ ഉള്ള എല്ലാ കരാറുകാർക്കും പങ്കെടുക്കുവാനുള്ള അവകാശം ഉണ്ട്. അതിനാൽ ടെർമിനേറ്റ് ചെയ്ത കരാറുകാരുടെ ബന്ധുക്കളായ കരാറുകാരെ ടെണ്ടറുകളിൽ പങ്കെടുക്കുന്നതിൽ നിന്ന് മാറ്റി നിർത്തുന്നതിന് ഇപ്പോൾ സാധിക്കില്ല. എന്നാൽ ചട്ടം ഭേഗഗതി ചെയ്ത് കരിമ്പട്ടികയിൽപ്പെടുത്തിയ കരാറുകാരന്റെ ഉറ്റ ബന്ധുക്കൾ കരാർ ഏറ്റെടുക്കുന്നത് തടയുന്ന വ്യവസ്ഥ കൊണ്ടുവരുന്ന കാര്യം പരിഗണനയിൽ ഉണ്ട്.

**സെക്ഷൻ ഓഫീസർ**